**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3961 24.8.2017-ൽ മറുപടിയ്ക്ക്**

## ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്**<br>**,, വി.പി.സജീന്ദ്രൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, സണ്ണി ജോസഫ്** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) കോഴിയിറച്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പ്, കേരള പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ മേൽത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ചു വരുന്നു.(ഇന്റഗ്രേഷൻ പദ്ധതി പ്രകാരം)<br>കൂടാതെ കെപ്കോയുടെ നേതൃത്വത്തിൽ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചിക്കോഴി വളർത്തൽ സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ഒരു നൂതന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ഹാച്ചറികൾ |

| | | |
|---|---|---|
| | | നവീകരിച്ച് ഉൽപാദനം വർദ്ധിപ്പിച്ചും സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പുതിയ ഹാച്ചറികൾ സ്ഥാപിച്ചും കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ നല്കി നാല്പത്തഞ്ചു ദിവസം കഴിയുമ്പോൾ കെപ്കോ തന്നെ തിരിച്ച് വാങ്ങി സംസ്കരിച്ച് കോഴിയിറച്ചിയായി വിപണനം ചെയ്യുക എന്നതാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| ബി) | അന്യ സംസ്ഥാന ലോബിയുടെ ഒത്തുകളി മൂലം കോഴി വില നിയന്ത്രിക്കുന്നതിനും, നികുതി ഇളവ് ഉപഭോക്താവിന് ലഭിക്കുന്നതിനും വേണ്ടി സർക്കാർ നടത്തിയ പരിശ്രമങ്ങൾ ഫലവത്തായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) സർക്കാർ നടത്തിയ ഇടപെടലുകളുടെ ഭാഗമായി കോഴി വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. 11.8.2017 ലെ കേരളത്തിലെ ഇറച്ചിക്കോഴിയുടെ കമ്പോള വില ശരാശരി 98 രൂപയാണ്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കുടുംബശ്രീ, കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ. മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിലനിലവാരം കിലോഗ്രാമിന് 87/- രൂപയായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ഇറച്ചിക്കോഴി ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനും, അതിലൂടെ അന്യ സംസ്ഥാന ലോബിയുടെ കൈകടത്തൽ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) സ്വീകരിക്കും. കുടുംബശ്രീ, കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ. മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ച് അതിലൂടെ സംസ്ഥാനത്തെ ഇറച്ചിക്കോഴി ഉല്പാദനത്തിൽ സ്വയംപര്യാപ്തം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 വർഷം 1000 യൂണിറ്റുകളും തുടർ വർഷങ്ങളിൽ ഘട്ടം ഘട്ടമായി ആകെ 5000 യൂണിറ്റുകളും തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ